155

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ലോഹ ടോക്കണുകൾ ആക്ററ്, 1889

(1889–ലെ 1–ാം നമ്പർ ആക്ററ്)

വില 0-80

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1981

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ലോഹ ടോക്കണുകൾ ആക്റ്റ്, 1889

(1889-ലെ 1-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

3/1438/V.

# ലോഹ ടോക്കണുകൾ ആക്ട്, 1889

## (1889-ലെ 1-ാം നമ്പർ ആക്ട്)

[1889 ഫെബ്രുവരി 1]

### നാണയ നിർമ്മാണത്തിൻെറ സംരക്ഷണത്തിനും മററ് ആവശ്യങ്ങൾക്കും ഉള്ള ആക്ട്

പണമായുള്ള ഉപയോഗത്തിനായി സ്വകാര്യ വ്യക്തികൾ ലോഹക്കഷണങ്ങൾ ഉണ്ടാക്കുന്നതിനേയോ, പുറപ്പെടുവിക്കുന്നതിനായി കൈവശം വയ്ക്കുന്നതിനേയോ, പുറപ്പെടുവിക്കുന്നതിനേയോ നിരോധിക്കുന്നത് സമീചീനമായിരിക്കുകയാലും ;

ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45), 28-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതും സമീചീനമായിരിക്കുകയാലും ;

ഇതിനാൽ, താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:

1. പേരും വ്യാപ്തിയും.—(1) ഈ ആക്ററിന്, ലോഹ ടോക്കണുകൾ ആക്ററ്, 1889 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. നിർവ്വചനം.—ഈ ആക്ററിൽ, "പുറപ്പെടുവിക്കുക" എന്നാൽ, ഒരു കഷണം ലോഹം, അങ്ങനെയുള്ള കഷണം, ഈ ആക്ററ് ഉല്ലംഘിച്ചു കൊണ്ട് ഉണ്ടാക്കിയിട്ടുള്ളതോ, അല്ലെങ്കിൽ കടൽ കസ്ററംസ് ആക്ററ്, 1878 (1878-ലെ 8)-ലെ 19-ാം വകുപ്പിൻ കീഴിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും വിജ്ഞാപനത്തെ ഉല്ലംഘിച്ചുകൊണ്ട് കടൽ വഴിയോ കരവഴിയോ ഇന്ത്യയിലേയ്ക്കു കൊണ്ടു വന്നിട്ടുള്ളതോ ആയിരിക്കെ പണമായുള്ള ഉപയോഗത്തിനായി ഇന്ത്യയിൽ ആദ്യമായി പ്രചരിപ്പിക്കുക എന്നർത്ഥമാകുന്നു.

3. സ്വകാര്യ വ്യക്തികൾ പണമായി ഉപയോഗിക്കാൻ ലോഹക്കഷണങ്ങൾ ഉണ്ടാക്കുന്നതിൻെറ നിരോധനം.—പണമായി ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ചെമ്പിൻേറയോ, ഓടിൻേറയോ, മറേറതെങ്കിലും ലോഹത്തിൻേറയോ, കൂട്ടുലോഹത്തിൻേറയോ യാതൊരു കഷണവും, അത്, മുദ്രവച്ചതോ മുദ്രവയ്ക്കാത്തതോ ആയാലും, കേന്ദ്ര ഗവൺമെൻറിൻെറ പ്രാധികാരം കൂടാതെ ഉണ്ടാക്കാൻ പാടുള്ളതല്ല.

4. അങ്ങനെയുള്ള കഷണങ്ങൾ നിയമവിരുദ്ധമായി ഉണ്ടാക്കുകയോ, പുറപ്പെടുവിക്കുകയോ, കൈവശം വയ്ക്കുകയോ ചെയ്യുന്നതിനുള്ള ദണ്ഡനം.—

(1) താഴെ പറയുന്ന ഇരു സംഗതികളിൽ ഏതിലെങ്കിലും അതായത് :—

(ക) ഏതെങ്കിലും ആൾ തൊട്ടുമുൻപിലത്തെ വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ആ വകുപ്പിൽ പറഞ്ഞതുപോലെയുള്ള ഏതെങ്കിലും കഷണം ഉണ്ടാക്കുകയോ, പുറപ്പെടുവിക്കുകയോ, പുറപ്പെടുവിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നുവെങ്കിലോ ;

(ഖ) ഏതെങ്കിലും ആൾ, ഈ ആക്ടിന്റെ പ്രാരംഭം മുതൽ മൂന്നു മാസം കഴിഞ്ഞതിനുശേഷം, തൊട്ടു മുമ്പിലത്തെ വകുപ്പിൽ പറഞ്ഞതുപോലെയുള്ള ഏതെങ്കിലും കഷണം, ആ കഷണം പുറപ്പെടുവിക്കാനുള്ള ഉദ്ദേശ്യത്തോടെ, കൈവശത്തിലോ, സൂക്ഷിപ്പിലോ, നിയന്ത്രണത്തിലോ വയ്ക്കുന്നുവെങ്കിലോ; ആ ആൾ,—

(i) അയാൾ ഈ വകുപ്പിൻകീഴിൽ, മുമ്പ് കുററ സ്ഥാപനം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ, ഒരു വർഷത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ രണ്ടും കൂടിയോ, അല്ലെങ്കിൽ

(ii) അയാൾ ഈ വകുപ്പിൻകീഴിൽ മുമ്പ് കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, മൂന്നു വർഷത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ രണ്ടും കൂടിയോ,

നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഏതെങ്കിലും ആൾ (1) -ാം ഉപവകുപ്പിൻ കീഴിലെ ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്നുവെങ്കിൽ, അയാൾക്ക് വിധിക്കുന്ന മറേറതെങ്കിലും ശിക്ഷയ്ക്ക് പുറമേ, മേൽപറഞ്ഞതുപോലെയുള്ള എല്ലാ കഷണങ്ങളും, അയാളുടെ കൈവശത്തിലോ സൂക്ഷിപ്പിലോ, നിയന്ത്രണത്തിലോ കാണപ്പെടുന്നതും, അങ്ങനെയുള്ള കഷണങ്ങൾ ഉണ്ടാക്കുന്നതിനുള്ളതുമായ എല്ലാ ഉപകരണങ്ങളും, സാമഗ്രികളും കണ്ടുകെട്ടപ്പെടുന്നതിനും, അയാൾ അർഹനായിരിക്കുന്നതാണ്.

(3) അങ്ങനെയുള്ള ഏതെങ്കിലും കുററത്തിന്റെ വിചാരണയിൽ, ഏതെങ്കിലും ലോഹത്തിന്റേയോ ലോഹകൂട്ടിന്റേയോ കഷണം, പണമായി ഉപയോഗിക്കാനോ ഉപയോഗിക്കാനായി പുറപ്പെടുവിക്കാനോ ഉദ്ദേശിച്ചിട്ടുള്ളതായിരുന്നുവോ എന്ന പ്രശ്നം ഉൽഭവിക്കുന്നുവെങ്കിൽ, ആ കഷണം അങ്ങനെ ഉപയോഗിക്കാനോ പുറപ്പെടുവിക്കാനോ ഉദ്ദേശിച്ചതായിരുന്നില്ലെന്ന് തെളിയിക്കേണ്ട ഭാരം കുററാരോപണം ചെയ്യപ്പെട്ട ആൾക്ക് ആയിരിക്കുന്നതാണ്.

5. തൊട്ടുമുമ്പിലത്തെ വകുപ്പിൻ കീഴിൽ കുററങ്ങൾ നടപടിക്കെടുക്കുന്നത്.—(1) 3-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട്, ആ വകുപ്പിൽ പറഞ്ഞതുപോലെയുള്ള ഏതെങ്കിലും കഷണം ഉണ്ടാക്കുന്ന കുററം, കോഗ്നൈസബിൾ കുററം ആയിരിക്കുന്നതാണ്.

(2) ക്രിമിനൽ നടപടി നിയമസംഹിത, 1882 (1882-ലെ 10)-ൽ എന്തുതന്നെയിരുന്നാലും, 4-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന മററ് യാതൊരു കുററവും, കോഗ്നൈസബിൾ കുററമോ, ഒരു പ്രസിഡൻസി ടൗണിന്റെ അതിർത്തികൾക്ക് അപ്പുറം ഡിസ്ട്രിക്ട് മജിസ്ട്രേററോ സബ്ഡിവിഷണൽ മജിസ്ട്രേട്ടോ അല്ലാത്ത ഏതെങ്കിലും മജിസ്ട്രേട്ടിന്, ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിന്റേയോ സബ്ഡിവിഷണൽ മജിസ്ട്രേട്ടിന്റേയോ മുൻ അനുമതി കൂടാതെ, നടപടിക്ക് എടുക്കാൻ പാടുള്ളതോ, ആയിരിക്കുന്നതല്ല.

6. ഈ ആക്റ്റിലെ മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ ചിലത് പണമായി ഉപയോഗിക്കുന്നതിനായി ലോഹകഷണങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് ബാധകമാക്കുന്നത്. 3-ാം വകുപ്പിൽ പറഞ്ഞതുപോലെയുള്ള ഏതെങ്കിലും ലോഹ കഷണങ്ങൾ കടൽവഴിയോ കരവഴിയോ ഇന്ത്യയിലേയ്ക്ക് കൊണ്ടു വരുന്നത്, കടൽ കസ്റ്റംസ് ആക്റ്റ് 1878 (1878-ലെ 8) -ലെ 19-ാം വകുപ്പിൻകീഴിൽ വിജ്ഞാപനംവഴി, നിരോധിക്കുകയോ പരിമിതിപ്പെടുത്തുകയോ ചെയ്യുന്നത് യുക്തമാണെന്ന് ഏതെങ്കിലും സമയത്ത് തോന്നുന്നുവെങ്കിൽ കേന്ദ്ര ഗവൺമെൻറിന് ആ നിരോധനമോ പരിമിതിയോ ഉല്ലംഘിക്കുന്ന ഏതെങ്കിലും ആൾ കടൽ കസ്റ്റംസ് ആക്റ്റ്, 1878-ലെ 187-ാം വകുപ്പിൽ പറഞ്ഞ ദണ്ഡനത്തിനുപകരം, ഇന്ത്യയിൽ അങ്ങനെയുള്ള കഷണങ്ങൾ ഉണ്ടാക്കുന്നതിന് ഈ ആക്റ്റിൻകീഴിൽ കുററസ്ഥാപനം ചെയ്യപ്പെട്ടിരുന്നുവെങ്കിൽ അയാൾ അർഹനാകുമായിരുന്നത് ഏത് ശിക്ഷയ്ക്കാണോ, ആ ശിക്ഷയ്ക്ക് അർഹനായിരിക്കുമെന്നും, അങ്ങനെയുള്ള കഷണങ്ങൾ ഉണ്ടാക്കുന്ന കുററം സംബന്ധിച്ച് 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിലേയും, 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിലേയും, അല്ലെങ്കിൽ ഇവയിൽ ഏതെങ്കിലും ഉപ വകുപ്പിലെ വ്യവസ്ഥകൾ, അവ ബാധകമാക്കാൻ കഴിയുന്നിടത്തോളം, ആ ആക്റ്റ്, 19-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള നിരോധനമോ പരിമിതിയോ ഉല്ലംഘിക്കുന്ന കുററത്തിന് കടൽ കസ്റ്റംസ് ആക്റ്റ്, 1878-ൽ എന്തുതന്നെയിരുന്നാലും, ബാധകമായിരിക്കുന്നതാണെന്നും വിജ്ഞാപനം വഴി നിദേശിക്കാവുന്നതാണ്.

7. [1882-ലെ 10-ാം ആക്റ്റ് 98-ാം വകുപ്പിൽ കൂട്ട് ചേർക്കൽ. ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ V)-ാനാൽ റദ്ദാക്കപ്പെട്ടു.]

8. തദ്ദേശാധികാര സ്ഥാനങ്ങളും റെയിൽവേകളും നാണയമല്ലാത്ത ലോഹം പണമായി സ്വീകരിക്കുന്നതിൻെറ നിരോധനം.—(1) ഏതെങ്കിലും റെയിൽവേ ഭരണമോ അതിനുവേണ്ടിയോ അല്ലെങ്കിൽ തദ്ദേശാധികാര സ്ഥാനമോ അതിനുവേണ്ടിയോ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിൽ നിർവ്വചിച്ച പ്രകാരമുള്ള നാണയമല്ലാത്ത യാതൊരു ലോഹകഷണവും, പണമായി സ്വീകരിക്കാൻ പാടുള്ളതല്ല.

(2) റെയിൽവേ ഭരണത്തിനുവേണ്ടിയോ, തദ്ദേശാധികാരസ്ഥാനത്തിനുവേണ്ടിയോ, അല്ലെങ്കിൽ റെയിൽവേ ഭരണത്തിനോ തദ്ദേശാധികാരസ്ഥാനത്തിനോ ചുമത്താവുന്ന ഏതെങ്കിലും ചുങ്കത്തിൻേറയോ മററ് തീരുവയുടേയോ പിരിവിൻെറ പാട്ടക്കാരനുവേണ്ടിയോ, ഏതെങ്കിലും ആൾ മേൽപറഞ്ഞതുപോലെയുള്ള നാണയമല്ലാത്ത ഏതെങ്കിലും ലോഹകഷണം പണമായി സ്വീകരിക്കുന്നുവെങ്കിൽ, അയാൾ പത്തുരൂപയോളമാകാവുന്ന പിഴ ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

9. [ഇൻഡ്യൻ ശിക്ഷാനിയമ സംഹിത 28-ാം വകുപ്പിൻെറ ഭേദഗതി.—ഭേദഗതി ആക്റ്റ്, 1938 (1938-ലെ 1) 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.]

---